**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1012** **14-10-2026-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുന്നതിനും സമിതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** പൂവാർ മുതൽ കാസർകോട് വരെയുള്ള വിവിധ മേഖലകളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ന്യായമായ പ്രശ്നങ്ങൾ പഠിക്കുവാനും പരിഹരിക്കുവാനും ഒരു വിദഗ്ധ പഠന സംഘത്തെ നിയോഗിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**(ബി)** വിഴിഞ്ഞം, മുതലപ്പൊഴി തുടങ്ങിയ പ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** വിഴിഞ്ഞം, മുതലപ്പൊഴി ഹാർബറുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിനായുള്ള നടപടികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം, മുതലപ്പൊഴി പ്രദേശങ്ങളിൽ മത്സ്യതൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ മേൽ തട്ടിൽ എത്തിക്കുന്നതിനായി ഓരോ മത്സ്യഗ്രാമം തോറും VFMC കൂട്ടകയും ഫിഷറീസ് സ്റ്റേഷൻ മുഖേന പെട്രോളിങ് നടത്തുകയും ചെയ്യുന്നുണ്ട്. ടി സ്ഥലങ്ങളിൽ മത്സ്യലഭ്യത കൂട്ടുന്നതിനായി ആർട്ടിഫിഷ്യൽ റീഫ് നിക്ഷേപിക്കുകയും സി റാഞ്ചിംഗ് നടത്തുകയും ചെയ്യാറുണ്ട്.

**(സി)** മത്സ്യത്തൊഴിലാളികൾക്കും ആശ്രിതർക്കും നൽകിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

**മറുപടി:** നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**